ഉത്തരം

(എ),(ബി)&(സി) റിസർവ് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്നും ലൊക്കാലിറ്റിയിൽ കൂടുതലായി അനുവദിച്ച 5 ശതമാനം തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് അനുമതി നൽകണമെന്നുമുള്ള നിർദ്ദേശങ്ങൾ കമ്പനി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

28 (1254) സ്റ്റീൽ കോംപ്ലക്സിലെ പ്രതിസന്ധി

ശ്രീ. എളമരം കരീം താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ് നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കമ്പനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി) കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്.

1. ബി.ഐ.എഫ്.ആർ. പദ്ധതിപ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയ്ക്ക് മുൻ ബാദ്ധ്യത ഇനത്തിൽ 1999-2000 ആണ്ടിൽ നൽകേണ്ട 220 ലക്ഷം രൂപ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

2. ബി.ഐ.എഫ്.ആർ. പദ്ധതി പ്രകാരം ഐ.ഡി.ബി.ഐ. യ്ക്കു നൽകാനുള്ള മുൻ ബാദ്ധ്യത വൺ ടൈം സെറ്റിൽമെന്റ് വഴി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

3. കമ്പനിക്ക് സ്വന്തമായി ഒരു റോളിംഗ്മിൽ സ്ഥാപിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

4. കമ്പനി ഉൽപ്പന്നങ്ങളുടെ വിപണനം ഉറപ്പു വരുത്തുന്നതിനുവേണ്ടി സർക്കാർ വകുപ്പുകൾക്കാവശ്യമായ ഉരുക്കു ഉല്പന്നങ്ങൾ കമ്പനിയിൽ നിന്ന് പരമാവധി വാങ്ങുന്നതിന് നിർദ്ദേശം നൽകുന്ന കാര്യം പരിഗണനയിലാണ്

29 (1255) ആലപ്പുഴ ജില്ലയിലെ വ്യവസായം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ ചെറുകിട വൻകിട വ്യവസായങ്ങൾ വഴി പുതുതായി എത്രപേർക്ക് തൊഴിൽ നൽകിയിട്ടുണ്ട് എന്നറിയിക്കുമോ? ഇതിൽ സ്ത്രീകൾ എത്ര: പുരുഷൻമാർ എത്ര:

(ബി) വരുന്ന രണ്ടു വർഷക്കാലം ജില്ലയിൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന പ്രധാന വ്യവസായങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുമോ,

LIBRARY ARCHIVES Kerala Legislative Assembly

(സി) വരുന്ന രണ്ടു വർഷക്കാലം ജില്ലയിൽ ചെറുകിട വൻകിട വ്യവസായങ്ങൾ വഴി പുതുതായി എത്ര പേർക്കു കൂടി തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ) 20135 പേർക്ക് പുതുതായി തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ സ്ത്രീകളുടേയും പുരുഷൻമാരുടെയും കണക്കു വിവരം ശേഖരിച്ചു വരുന്നു.

(ബി) വരുന്ന രണ്ടു വർഷക്കാലം ജില്ലയിൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ചെറുകിട വ്യവസായങ്ങൾ പ്രധാനമായും റെഡി മെയ്ഡ് ഗാർമെന്റ്സ് കളിമൺ വ്യവസായം, ജനറൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്-പ്രിന്റിംഗ്, തടി വ്യവസായം, ലതർ വ്യവസായം തുടങ്ങിയവയാണ്.

കെ.എസ്.ഐ.ഡി.സി. യുടെ സഹായ സഹകരണത്തോടെ ആരംഭിക്കാനാവുമെന്നു പ്രതീക്ഷിക്കുന്ന ഇടത്തരം/വൻകിട വ്യവസായങ്ങൾ സെൻട്രൽ ട്രാവൻകൂർ സ്പെഷ്യലിസ്റ്റ് ഹോസ്പിറ്റൽ, ഹോട്ടൽ സുധീർ, കെ. ഇ.കെ. ഫുഡ് കമ്മോഡിറ്റീസ് ലി., കേരള പേപ്പർ ആന്റ് ബോർഡ് മിൽസ്, ഉഷാടെക്സ്റ്റൈൽ എഞ്ചിനീയേഴ്സ് എന്നിവയാണ്. കെ.എം.എം.എൽ-ന്റെ ഒരു യൂണിറ്റു തുടങ്ങുന്ന കാര്യം ആലോചനയിൽ ഉണ്ട്.

(സി) 14,718 പേർക്കു കൂടി പുതുതായി തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

30 (1256) സീതാറാം മില്ലിന്റെ ആസ്തികളുടെ വിൽപ്പന

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സീതാറാം മില്ലിന്റെ എത്ര സ്ഥലം വിൽപ്പന നടത്തിയെന്നും ആരാണ് സ്ഥലം വാങ്ങിയതെന്നും എന്തു വില കിട്ടിയെന്നും അറിയിക്കുമോ;

(ബി) മില്ലിന്റെ കെട്ടിടം വിൽപ്പന നടത്തിയോ, എങ്കിൽ എന്തു തുക ലഭിച്ചു;

(സി) സ്ഥലവും കെട്ടിടവും വിറ്റു കിട്ടിയ തുകകൊണ്ട് മില്ലിൽ എന്തൊക്കെ വികസനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) മില്ലിലെ യന്ത്രങ്ങൾ വിൽപന നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ യന്ത്രങ്ങൾ; ഇതിൽ നിന്ന് എന്തു തുക ലഭിച്ചു;

(ഇ) മില്ലിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) തൃശ്ശൂർ സീതാറാം മില്ലിന്റെ 2.7445 ഏക്കർ സ്ഥലം വിൽപ്പന നടത്തി. തൃശ്ശൂരിലെ ധനലക്ഷ്മി ബാങ്കാണ് സ്ഥലം വാങ്ങിയത്. 4,12,21,950 രൂപ വില കിട്ടി.

(ബി) മില്ലിന്റെ കെട്ടിടം ധനലക്ഷ്മി ബാങ്കിനു വിറ്റ വകയിൽ 22,50,000 രൂപ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly